**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5406** **05-07-2024 - ൽ മറുപടിയ്ക്ക്**

**മുതിർന്ന പൗരൻമാരുടെ സംരക്ഷണവും ക്ഷേമവും ഉറപ്പാക്കുന്ന നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. കെ. ജെ. മാക്സി | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മുതിർന്ന പൗരൻമാരുടെ സംരക്ഷണവും ക്ഷേമവും ഉറപ്പാക്കുന്ന നിയമം ഫലപ്രദമായി നടപ്പാക്കിയതിന് കേന്ദ്രസർക്കാരിന്റെ പുരസ്കാരം കേരളത്തിന് ലഭിച്ചിട്ടുണ്ടോ; | (എ) | മുതിർന്ന പൗരൻമാർക്ക് സേവനങ്ങളും സൗകര്യങ്ങളും ലഭ്യമാക്കുന്നതിനും , മുതിർന്ന പൗരൻമാരുടെ സംരക്ഷണവും ക്ഷേമവും ഉറപ്പാക്കുന്ന നിയമം ഫലപ്രദമായി നടപ്പാക്കിയതിനുമായി 2021 വർഷത്തെ വയോശ്രേഷ്ഠ സമ്മാൻ ഉൾപ്പെടെ രണ്ടു തവണ കേരള സംസ്ഥാനത്തിന് മികച്ച സംസ്ഥാനത്തിനുള്ള ദേശീയ അവാർഡ് ലഭിച്ചിട്ടുണ്ട്. |
| (ബി) | ഇതിനടിസ്ഥാനമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ; | (ബി) | മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും, ക്ഷേമവും സംബന്ധിച്ച നിയമം 2007 സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ നോഡൽ ഏജൻസി സാമൂഹ്യനീതി വകുപ്പ് ആണ്. ആക്ടിലെയും ആക്ടിൻ കീഴിൽ നിർമ്മിക്കപ്പെട്ട ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ കേരളത്തിൽ മെയിന്റനൻസ് ട്രൈബ്യൂണലുകൾ സ്ഥാപിച്ച് ഫലപ്രദമായി പ്രവർത്തിച്ചു വരുന്നു. പ്രസ്തുത ആക്ട് പ്രകാരം പ്രാരംഭഘട്ടത്തിൽ സംസ്ഥാനത്തെ 21 റവന്യൂ ഡിവിഷണൽ കാര്യാലയങ്ങളിൽ മെയിന്റനൻസ് ട്രൈബ്യൂണലുകൾ പ്രവർത്തനം ആരംഭിച്ചിരുന്നു. വിവിധ ജില്ലകളിലായി 6 റവന്യൂ ഡിവിഷനുകൾ കൂടി രൂപീകരിക്കുകയും മേൽ ആക്ടിന്റെ അടിസ്ഥാനത്തിൽ മെയിന്റനൻസ് ട്രൈബ്യൂണലുകളായി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.മെയിന്റനൻസ് ട്രൈബ്യൂണലുകളിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളുടെ ബാഹുല്യം, റവന്യൂ ഡിവിഷണൽ ഓഫീസർമാരുടെ ഭാരിച്ച ജോലികൾ എന്നിവ കണക്കിലെടുത്ത് എല്ലാ ആർ.ഡി.ഒ. ഓഫീസുകളിലും ടെക്നിക്കൽ അസിസ്റ്റന്റുമാരെയും, അവരുടെ പ്രവർത്തനങ്ങൾ സംസ്ഥാന തലത്തിൽ ഏകോപിപ്പിക്കുന്നതിന് സാമൂഹ്യനീതി ഡയറക്ടറേറ്റിൽ ഒരു സ്റ്റേറ്റ് കോ-ഓർഡിനേറ്ററെയും നിയമിക്കുന്ന പദ്ധതി നടപ്പാക്കിയതിന്റെ അടിസ്ഥാനത്തിൽ |

സംസ്ഥാനത്തെ 27 മെയിന്റനൻസ് ട്രൈബ്യൂണലുകളിലായി 27 ടെക്നിക്കൽ അസിസ്റ്റന്റുമാരെയും, ഒരു സ്റ്റേറ്റ് കോ-ഓർഡിനേറ്ററെയും നിയമിക്കുകയും ചെയ്തിട്ടുണ്ട്.

വയോജന സംരക്ഷണ നിയമം സംബന്ധിച്ച അറിവ് കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിന് നിരവധി ബോധവത്കരണ പരിപാടികൾ, അദാലത്തുകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.

COVID-19 പശ്ചാത്തലത്തിൽ വയോജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി രൂപീകരിച്ച ജില്ലാ ടാസ്ക് ഫോഴ്സിലും, മെയിന്റനൻസ് ട്രൈബ്യൂണലുകളിൽ ജനങ്ങൾ സമർപ്പിക്കുന്ന പരാതികൾ ഓൺലൈനായി തീർപ്പാക്കുന്നതിന് RDO മാരെ സഹായിക്കുന്നതിനോടൊപ്പം COVID വ്യാപന പശ്ചാത്തലത്തിൽ വയോജനങ്ങളുടെ സുരക്ഷയും ക്ഷേമവും ഉറപ്പുവരുത്തുന്നതിനായി വിവിധ ജില്ലകളിലായി ആരംഭിച്ച വയോക്ഷേമ കാൾ സെന്റർ ഉൾപ്പെടെയുള്ള വിവിധ പ്രവർത്തനങ്ങൾക്ക് ടെക്നിക്കൽ അസിസ്റ്റന്റുമാരെ ഉപയോഗപ്പെടുത്തിയിരുന്നു.

കൂടാതെ കേസുകൾ സമയബന്ധിതമായി തീർക്കുന്നതിന് അദാലത്ത് സംഘടിപ്പിക്കൽ, മെഡിക്കൽ ക്യാമ്പുകൾ, ആക്ട് സംബന്ധിച്ച ബോധവൽക്കരണ ക്ലാസുകൾ എന്നിവ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തുടനീളം നടപ്പിലാക്കി വരുന്നു.

സംസ്ഥാനത്തുടനീളം MWPSC Act- 2007 ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2023 ജനുവരി മാസം മുതൽ 2023 ഡിസംബർ മാസത്തിനിടയിൽ 27 മെയിന്റനൻസ് ട്രൈബ്യൂണലുകളുടെ കീഴിലായി 21 അദാലത്തുകളും, 53 ബോധവത്കരണ പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്.

കൂടാതെ ആക്ടിൻ കീഴിൽ നിർമ്മിക്കപ്പെട്ട ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം രൂപീകരിച്ചിട്ടുള്ളതും സാമൂഹ്യനീതി വകുപ്പ് മന്ത്രി അദ്ധ്യക്ഷത വഹിക്കുന്നതും, സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി എക്സ്ഒഫിഷ്യോ അംഗവും വിവിധ വകുപ്പ് സെക്രട്ടറിമാരും വിശിഷ്ട വ്യക്തിത്വമുള്ള വയോജനങ്ങൾ അംഗങ്ങളുമായുള്ള സംസ്ഥാന വയോജന കൗൺസിലും, ജില്ലകളിൽ ജില്ലാ വയോജന കൗൺസിലുകളും പ്രവർത്തിച്ച വരുന്നുണ്ട്.

| | | | |
|---|---|---|---|
| | | | വയോജന മേഖലയിൽ നിരവധി ക്ഷേമപദ്ധതികളും വികസനപ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നുണ്ട്. |
| (സി) | വയോജന പരിപാലന രംഗത്ത് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്; വിശദാംശം വ്യക്തമാക്കുമോ? | (സി) | വയോജന പരിപാലന രംഗത്ത് വിവിധ വകുപ്പുകളെ ഏകോപിച്ചുകൊണ്ട് സാമൂഹ്യനീതി വകുപ്പ് നടത്തി വരുന്ന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>ഇത് കൂടാതെ സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ മുഖേന വിവിധ പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. വയോ അമൃതം പദ്ധതി – ഭാരതീയ ചികിത്സ വകുപ്പിന്റെ സഹകരണത്തോടെ വൃദ്ധസദനങ്ങളിൽ ആയുർവേദ ചികിത്സ നൽകി വരുന്ന പദ്ധതി.

2. സായംപ്രഭ ഹോം പദ്ധതി – തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന വയോജന പരിപാലന കേന്ദ്രങ്ങൾക്ക് അധിക സൗകര്യങ്ങൾ നൽകികൊണ്ട് നവീകരിക്കുന്ന പദ്ധതി. പകൽ പരിപാലന കേന്ദ്രത്തെ സായംപ്രഭ ഹോമാക്കി അപ്ഗ്രേഡ് ചെയ്യുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം ആവശ്യമാണ്.

3. മന്ദഹാസം പദ്ധതി – ദാരിദ്ര്യ രേഖക്ക് താഴെയുള്ള അർഹരായ മുതിർന്ന പൗരന്മാർക്ക് സൗജന്യമായി കൃത്രിമ ദന്തനിര വച്ചുകൊടുക്കുന്ന പദ്ധതി ആരോഗ്യ വകുപ്പുമായി സഹകരിച്ച് ആശുപത്രികൾക്ക് പദ്ധതിക്കാവശ്യമായ തുക അനുവദിച്ചു വരുന്നു. പദ്ധതിക്കായി ആരോഗ്യ വകുപ്പിൽ നിന്ന് നോഡൽ ഓഫീസറെ നിയോഗിച്ചിട്ടുണ്ട്.

4. MWPSC –2007 ആക്ട് നടപ്പിലാക്കൽ – നിയമം നടപ്പിലാക്കുന്നതിന് മെയിന്റനൻസ് ഓഫീസറായി റവന്യൂ ഡിവിഷണൽ ഓഫീസർമാരെയാണ് നിയോഗിച്ചിട്ടുള്ളത്. ആയതിന് ആർ ഡി ഒ മാരെ സഹായിക്കുന്നതിന് വകുപ്പിൽ നിന്നും ടെക്നിക്കൽ അസിസ്റ്റന്റിന്റെ സേവനം നൽകി വരുന്നു.